**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2004** **06-07-2022 - ൽ മറുപടിയ്ക്ക്**

**ലോക കേരള സഭ സമ്മേളനങ്ങളുടെ വിശദാംശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലോക കേരള സഭ സമ്മേളനങ്ങൾ എത്ര പ്രാവശ്യം ഏതെല്ലാം സമയങ്ങളിൽ നടന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | ലോക കേരള സഭയുടെ മൂന്ന് സമ്മേളനങ്ങളാണ് നാളിതുവരെ നടത്തിയിട്ടുള്ളത്. ലോക കേരള സഭയുടെ ഒന്നാം സമ്മേളനം 2018 ജനുവരി 12,13 തീയതികളിലും രണ്ടാം സമ്മേളനം 2020 ജനുവരി 1,2,3 തീയതികളിലും മൂന്നാം സമ്മേളനം 2022 ജൂൺ 16,17,18 തീയതികളിലുമാണ് നടത്തിയിട്ടുള്ളത്. |
| (ബി) | ഓരോ സമ്മേളനത്തിലെയും പ്രതിനിധികൾ ആരെല്ലാമായിരുന്നു; ഇവരെ തിരഞ്ഞെടുക്കാനുള്ള മാനദണ്ഡം എന്തായിരുന്നു; ഇവർ ഏതെല്ലാം പ്രസ്ഥാനങ്ങളെ പ്രധിനിധികരിച്ച് പങ്കെടുത്തു; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | കേരളത്തിനകത്തും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും ഇന്ത്യക്ക് പുറത്തും വസിക്കുന്ന ഇന്ത്യൻ പൗരൻമാരായ മലയാളികളെയാണ് ലോക കേരള സഭയിലെ അംഗങ്ങളായി ഉൾപ്പെടുത്തുന്നത്.<br><br>സഭയുടെ അംഗത്വം ഇന്ത്യൻ പൗരന്മാർക്കായി പരിമിതപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഇന്ത്യൻ പൗരൻമാരല്ലാത്ത കേരളീയരെയും ലോക കേരള സഭയുടെ പ്രവർത്തനങ്ങളിൽ മറ്റ് നിലകളിൽ പങ്കെടുക്കാൻ സ്വാഗതം ചെയ്യുന്നുണ്ട്.<br><br>ഓരോ സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും പ്രവാസികളുടെ എണ്ണം, ഭൂപ്രദേശങ്ങളുടെ പ്രാതിനിധ്യം, നിർദ്ദേശിക്കപ്പെടുന്നവർ പൊതുസമൂഹത്തിനു നൽകിയ സംഭാവനകൾ തുടങ്ങിയവ പരിഗണിച്ചാണ് അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്. |
| (സി) | ഓരോ സമ്മേളനങ്ങളിലും ചർച്ച ചെയ്തതും ഉയർന്ന് വന്നതുമായ പ്രശ്നങ്ങൾ ക്രോഡീകരിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഓരോ സമ്മേളനത്തിലും ഉയർന്ന് വന്ന ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദമാക്കുമോ; | (സി) | ഒന്നാം ലോക കേരള സഭയോടനുബന്ധിച്ച് രൂപീകരിച്ച സ്റ്റാന്റിംഗ് കമ്മിറ്റികൾ സമർപ്പിച്ച 10 ശിപാർശകളിന്മേൽ പ്രയോഗികമായതും നടപ്പിലാക്കാൻ കഴിയുന്നതുമായ 8 ശിപാർശകളിന്മേൽ നടപടികൾ സ്വീകരിച്ചു.<br><br>രണ്ടാം ലോക കേരള സഭയോടനുബന്ധിച്ച് ലഭിച്ച ശിപാർശകൾ മുഖ്യമന്ത്രി തലത്തിലും ചീഫ് |

| | | | |
|---|---|---|---|
| | | | സെക്രട്ടറി തലത്തിലും അവലോകനം ചെയ്ത് പ്രായോഗികമല്ലാത്തവ നീക്കം ചെയ്തിരുന്നു. ശേഷിക്കുന്ന 142 ശിപാർശകളിൽ 76 എണ്ണത്തിൽ നടപടി പൂർത്തിയായി. ബാക്കിയുള്ളവയിൽ നടപടി സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽ വരുന്നവ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു.<br><br>മൂന്നാം സമ്മേളനത്തിൽ നിരവധി ആശയങ്ങളും നിർദ്ദേശങ്ങളും വിവിധ സെഷനുകളിൽ അംഗങ്ങൾ ഉയർത്തിയിട്ടുണ്ട്. ടി ശിപാർശകൾ ക്രോഡീകരിച്ചുവരുന്നു. |
| (ഡി) | ഈ നിർദ്ദേശങ്ങളിൽ ഏതെല്ലാം നടപ്പാക്കിയെന്ന് സമ്മേളനം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഡി) | ഒന്നാം ലോക കേരള സഭയോടനുബന്ധിച്ച് രൂപീകരിച്ച സ്റ്റാന്റിംഗ് കമ്മിറ്റികൾ സമർപ്പിച്ച 10 ശിപാർശകളിന്മേൽ പ്രയോഗികമായതും നടപ്പിലാക്കാൻ കഴിയുന്നതുമായ 8 ശിപാർശകളിന്മേൽ നടപടികൾ സ്വീകരിച്ചു.<br><br>രണ്ടാം ലോക കേരള സഭയോടനുബന്ധിച്ച് ലഭിച്ച ശിപാർശകൾ മുഖ്യമന്ത്രി തലത്തിലും ചീഫ് സെക്രട്ടറി തലത്തിലും അവലോകനം ചെയ്ത് പ്രായോഗികമല്ലാത്തവ നീക്കം ചെയ്തിരുന്നു. ശേഷിക്കുന്ന 142 ശിപാർശകളിൽ 76 എണ്ണത്തിൽ നടപടി പൂർത്തിയായി. ബാക്കിയുള്ളവയിൽ നടപടി സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽ വരുന്നവ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു.<br><br>മൂന്നാം സമ്മേളനത്തിൽ നിരവധി ആശയങ്ങളും നിർദ്ദേശങ്ങളും വിവിധ സെഷനുകളിൽ അംഗങ്ങൾ ഉയർത്തിയിട്ടുണ്ട്. ടി ശിപാർശകൾ ക്രോഡീകരിച്ചുവരുന്നു |
| (ഇ) | ഓരോ സമ്മേളനത്തിലും എല്ലാ വകുപ്പുകളുമായി ചേർന്ന് എത്ര രൂപ ചെലവഴിച്ചു എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഇ) | ലോക കേരള സഭയുടെ ഒന്നാം സമ്മേളനത്തിനായി 2,03,21,861 രൂപയും രണ്ടാം സമ്മേളനത്തിനായി 1,11,12,924 രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്.<br><br>മൂന്നാം സമ്മേളനത്തിന്റെ ചെലവുകളുമായി ബന്ധപ്പെട്ട് കണക്കുകൾ ക്രോഡീകരിച്ച് വരുന്നു. |
| (എഫ്) | ലോക കേരള സഭയിൽ വന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച നിയമപരമായ ബാധ്യതകൾ ഉറപ്പ് വരുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (എഫ്) | ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ